**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 779** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പരപ്പനങ്ങാടി തീരപ്രദേശത്തെ പുലിമുട്ട് നിർമ്മാണം.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി .എം. എ. സമീർ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി തീരപ്രദേശത്ത് കടലാക്രമണം പ്രതിരോധിക്കുന്നതിന് പുലിമുട്ട് നിർമ്മാണത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരപ്പനങ്ങാടി തീരപ്രദേശത്ത് കടലാക്രമണം മൂലം വർഷങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന ഗ്രോയിനുകൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ടി തീരശോഷണത്തിന് പരിഹാരമായി പ്രസ്തുത പദ്ധതി പ്രദേശത്ത് ഗ്രോയിൻ നിർമ്മാണത്തിനുള്ള സാധ്യതാപഠനം സംബന്ധിച്ചും ഹാർബർ എൻജിനീയറിംഗ് ചീഫ് എൻജിനിയർ റിപ്പോർട്ട് ചെയ്ത പ്രകാരം ഫിഷറീസ് വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുള്ളതാണ്. ആയതിന്മേലുള്ള തുടർ നടപടികൾ മത്സ്യബന്ധന തുറമുഖ വകുപ്പ് സ്വീകരിച്ചു വരുന്നു.

**(ബി)** പരപ്പനങ്ങാടി തീരപ്രദേശത്ത് നിലവിൽ നിർമ്മിച്ചിട്ടുള്ള പുലിമുട്ടുകൾ ഏതെല്ലാം ആണ്;വിശദമാക്കാമോ;

**<u>മറുപടി:</u>** പരപ്പനങ്ങാടി തീരപ്രദേശത്ത് ഹാർബർ നിർമ്മാണത്തിന്റെ ഭാഗമായി 1410 മീറ്റർ, 785 മീറ്റർ നീളത്തിൽ യഥാക്രമം തെക്കേ വടക്കേ പുലിമുട്ടുകളുടെ നിർമ്മാണം കിഫ്ബി ഫണ്ടിംഗ് ഉപയോഗിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏർപ്പാടാക്കി പൂർത്തീകരിച്ചിട്ടുള്ളതാണ്.

**(സി)** പരപ്പനങ്ങാടി തീരപ്രദേശത്ത് നിലവിലുള്ള പുലിമുട്ടുകൾ ശാക്തീകരിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;വിശദമാക്കാമോ;

**<u>മറുപടി:</u>** കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഹാർബർ പുലിമുട്ടുകളുടെ നിർമ്മാണം 2025 -ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ശാക്തീകരണ നടപടികൾ നിലവിൽ ആവശ്യമില്ല.

**(ഡി)** പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം നടക്കുന്നതിനാൽ ഇതിന്റെ വശങ്ങളിൽ ശക്തമായ കടലാക്രമണം പ്രതിരോധിക്കുന്നതിന് പുലിമുട്ട് നിർമ്മാണം ആവശ്യമാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരപ്പനങ്ങാടി തീരപ്രദേശത്ത് കടലാക്രമണം മൂലം വർഷങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന ഗ്രോയിനുകൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചതായി തുറമുഖ എൻജിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തീരശോഷണത്തിന് പരിഹാരമായി പ്രസ്തുത പദ്ധതി പ്രദേശത്ത് ഗ്രോയിൻ നിർമ്മാണത്തിനുള്ള സാധ്യതാപഠനം സംബന്ധിച്ചും ഹാർബർ എൻജിനീയറിംഗ് ചീഫ് എൻജിനിയർ റിപ്പോർട്ട് ചെയ്ത പ്രകാരം ഫിഷറീസ് വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുള്ളതാണ്. ആയതിന്മേലുള്ള തുടർ നടപടികൾ മത്സ്യബന്ധന തുറമുഖ വകുപ്പ് സ്വീകരിച്ചു വരുന്നു.

കൂടാതെ, കടലാക്രമണം തടയുന്നതിനായി അടിയന്തര സംരക്ഷണമെന്ന നിലയിൽ 34.1 ലക്ഷം ഡംപിങ് പ്രവൃത്തി ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നു. എന്നാൽ കടൽഭിത്തി നിർമ്മിക്കുന്നതിലൂടെ മാത്രമേ ഈ ഭാഗത്തെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാവുകയുള്ളൂ. ആയതിനുള്ള ₹ 254 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ജലസേചന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**